പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4652 20-10-2011 -ൽ മറുപടിക്ക്.

## മലബാർ ഡിസ്റ്റിലറി തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അച്ചുതൻ | | ശ്രീ. കെ. ബാബു (എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) | |
| (എ) | മലബാർ ഡിസ്റ്റിലറി എന്ന പുതിയ കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് എന്ന കമ്പനിയുടെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | പഴയ ചിക്കോപ്പ് കമ്പനിയുടെ പഴയ സാധന സാമഗ്രികൾ ലേലം ചെയ്ത് കമ്പനി എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കുമോ; | (ബി) | ചിക്കോപ്പിലെ ഷുഗർ പ്ലാന്റിലുള്ള പഴയ ഉപകരണങ്ങളും, സ്ക്രാപ്പ് (scrap) തുടങ്ങിയവയും, സർക്കാർ ഉത്തരവിൻ പ്രകാരം, പൊതുമേഖലാ സ്ഥാപനമായ സിൽക്കിന് കൈമാറി. ശേഷിക്കുന്ന സാധനങ്ങൾ, സർക്കാർ നിയമിച്ചിട്ടുള്ള വിദഗ്ദ്ധസമിതി വില നിശ്ചയിച്ച് ലഭ്യമാക്കുന്ന മുറയ്ക്ക്, വില്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ചിക്കോപ്പ് കമ്പനിയിലെ തൊഴിലാളികൾക്ക് ശമ്പള കുടിശ്ശിക ഇനത്തിൽ ബാക്കിയുള്ള തുക അടിയന്തിരമായി നീക്കിവയ്ക്കുമോ; | (സി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | കമ്പനിയുടെ പ്രവർത്തനത്തിന് കാലതാമസം നേരിടുന്ന ഘട്ടത്തിൽ സർക്കാർ ലേബലിൽ മറ്റ് കമ്പനികളിൽ മലബാർ ഡിസ്റ്റിലറീസിന്റെ മദ്യം കരാർ അടിസ്ഥാനത്തിൽ നിർമ്മിച്ച് ബ്രാന്റ് പുറത്തിറക്കുമോ; | (ഡി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | ചിക്കോപ്പ് കാഷ്വൽ ലേബേർസിന് ഓണത്തിന് ഉത്സവബത്ത നൽകിയിട്ടില്ലാത്തതിനാൽ ആയത് നൽകുമോ; | (ഇ) | കാഷ്വൽ തൊഴിലാളികൾ, കമ്പനിയുടെ ഭാഗമല്ലാത്തതിനാൽ ഇക്കാര്യം പരിഗണിക്കാൻ കഴിയില്ല. |
| (എഫ്) | ചിക്കോപ്പ് കാഷ്വൽ തൊഴിലാളികളെ മലബാർ ഡിസ്റ്റിലറിയിലേക്ക് മാറ്റുമോ എന്നറിയിക്കുമോ? | (എഫ്) | 'ഇ' പിരിവിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ആഫീസർ